പതിനാലാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4399 25.06.2019 -ൽ മറുപടിക്ക്

**ഉള്ളൂർ ജംഗ്ഷനിൽ മേൽപ്പാല നിർമ്മാണം**

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ.കെ.എസ്.ശബരീനാഥൻ : | ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) തിരുവനന്തപുരം ലൈറ്റ് മെട്രോ നിർമ്മാണത്തിന്റെ ഭാഗമായി ഉള്ളൂർ ജംഗ്ഷനിൽ നിർമ്മിക്കുവാൻ നിശ്ചയിച്ചിരിക്കുന്ന മേൽപ്പാലനിർമ്മാണ പ്രവർത്തനം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (എ) ഉള്ളൂർ ജംഗ്ഷനിൽ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന മേൽപ്പാലത്തിനായുള്ള സ്ഥലമെടുപ്പ് നടപടികൾ പുരോഗമിച്ചു വരുന്നു. മേൽപ്പാലത്തിനുള്ള സോഷ്യൽ ഇംപാക്ട് പഠനം പൂർത്തിയാക്കുകയും, ഇതു സംബന്ധിച്ച റിപ്പോർട്ട് പ്രസിദ്ധീകരിക്കുകയും ചെയ്തു. സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. |
| (ബി) ഇതിന്റെ സോഷ്യൽ ഇംപാക്ട് സ്റ്റഡി പൂർത്തിയാക്കിയിട്ടുണ്ടോ; എത്ര കോടി രൂപയാണ് മേൽപ്പാല നിർമ്മാണത്തിനായി അനുവദിച്ചിട്ടുള്ളത്; വിശദമാക്കാമോ; | (ബി) ഉള്ളൂർ മേൽപ്പാല നിർമ്മാണത്തിനായുള്ള സോഷ്യൽ ഇംപാക്ട് പഠനം പൂർത്തിയായിട്ടുണ്ട്. ഉള്ളൂർ മേൽപ്പാല നിർമ്മാണത്തിനാവശ്യമായ തുക കിഫ്ബിയിൽ നിന്ന് അനുവദിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. 77.15 കോടി രൂപയാണ് പദ്ധതിയുടെ എസ്റ്റിമേറ്റ് തുക. |
| (സി) ഉള്ളൂർ ജംഗ്ഷനിൽ അനുഭവപ്പെടുന്ന രൂക്ഷമായ ഗതാഗതക്കുരുക്ക് പരിഹരിക്കുവാൻ ഇതിന്റെ നിർമ്മാണം അടിയന്തരമായി പൂർത്തിയാക്കുമോ എന്നറിയിക്കാമോ ? | (സി) സ്ഥലമെടുപ്പ് നടപടികൾ പുരോഗമിച്ചു വരുന്നു. സ്ഥലമെടുപ്പ് പൂർത്തിയാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനും സമയബന്ധിതമായി പദ്ധതി പൂർത്തിയാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ